ശ്രീ. വി .പി. രാമകൃഷ്ണപിള്ള : അതിന്റെ നിയമപരമായ വശം പരിശോധിക്കുന്നതാണ്.

III സബ്മിഷൻ

(1) നെയ്യാറ്റിൻകരയിലെ ഗുരുദേവ പ്രതിമ തർക്കപ്പെട്ടത് സംബന്ധിച്ച്

ശ്രീ. തമ്പാനൂർ രവി : സർ, ഫെബ്രുവരി മാസം 1-ാം തീയതി കൊല്ലം എസ്.എൻ.ഡി.പി. ആസ്ഥാനത്ത് നിന്നാരംഭിച്ച ഗുരുദേവ പ്രതിമ തകർക്കൽ പരമ്പര വളരെ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. 22-ാം തീയതി വരെ കേരളത്തിൽ 16 പ്രതിമകൾ തകർത്തിരിക്കുകയാണ്. കൊല്ലം, പാരിപ്പള്ളി, തൃശ്ശൂർ, നെയ്യാറ്റിൻകര, ആലപ്പുഴ എന്നീ സ്ഥലങ്ങളുൾപ്പെടെ 16 പ്രതിമകൾ തകർക്കപ്പെട്ടു കഴിഞ്ഞു. ഇതൊരു പരമ്പരയാണ്. ആരോടെങ്കിലുമുള്ള വൈരാഗ്യം തീർക്കാനായിരുന്നാലും ബോധപൂർവ്വമായിരുന്നാലും ഈ പ്രശ്നം വളരെ ഗുരുതരമാണ്. സംഭവം നടന്നിട്ട് 22 ദിവസം കഴിഞ്ഞു. കൊല്ലം സംഭവമുണ്ടായപ്പോൾ ക്രൈം ബ്രാഞ്ച് അന്വേഷിക്കുമെന്ന് പറഞ്ഞു. ഒരു പൊട്ടനേയോ, ചെകിടനേയോ പിടിച്ചുവെന്നല്ലാതെ ഈ സംഭവം സംബന്ധിച്ച് ഇന്നുവരെ കാര്യമായ ഒരു അന്വേഷണവും ഉണ്ടായിട്ടില്ല. ഗുരുദേവന്റെ അനുയായികളിൽ നല്ലൊരു വിഭാഗത്തിന്റെ അംഗീകാരം വാങ്ങിയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതെന്നുള്ള കാര്യം മറന്നു പോകരുത്. കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് ഗുരുദേവന്റെ ആശയങ്ങളും ആദർശങ്ങളും ദർശനങ്ങളും ചെലുത്തിയ സ്വാധീനം അങ്ങ് മറക്കില്ലെന്നാണ് ഞാൻ വിശ്വാസിക്കുന്നത്. അങ്ങനെയുള്ള കേരളത്തിലാണ് ഈ സംഭവം നടന്നിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് കുറെക്കൂടി കാര്യക്ഷമമായിട്ടുള്ള നടപടി ഇക്കാര്യത്തിലെടുക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ അതുണ്ടായില്ല. അങ്ങ് മുൻപ് മുഖ്യമന്ത്രിയായിരുന്ന ഒരവസരത്തിൽ, ഏറ്റുമാനൂർ ക്ഷേത്രത്തിൽ വിഗ്രഹം മോഷ്ടിക്കപ്പെട്ട സമയത്ത്, എന്താണ് പറഞ്ഞത്? ഭഗവാന് എന്തിനാണ് പാറാവ്, ഇതും അങ്ങനെ കാണുകയാണോ. വളരെ കാര്യമായ അന്വേഷണം വേണം. വളരെ ഗൗരവമുള്ള ഒരു വിഷയമാണ്. ഇതു ഒരു സാക്ഷര കേരളമല്ലേ; സാംസ്ക്കാരിക കേരളമല്ലേ? ഇവിടെ ഒരു ഗവൺമെന്റില്ലേ?. ആ ഗവൺമെന്റിന്റെ തലവനല്ലേ മുഖ്യമന്ത്രി. ഇതൊക്കെ ചെയ്തിട്ടും വളരെ നിഷ്ക്രിയമായി, ലാഘവ ബുദ്ധിയോടുകൂടി കാര്യങ്ങൾ കാണുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഗവൺമെന്റ് കൂടുതൽ ശ്രദ്ധ ഇക്കാര്യത്തിന് നൽകണം. നമുക്ക് വളരെ മിടുക്കന്മാരായ പോലീസുകാരുണ്ട്. ഗവൺമെന്റിന് ഇക്കാര്യത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ, ഇനിയിത് ആവർത്തിക്കാതിരിക്കണമെങ്കിൽ, പണ്ടൊക്കെ ചെയ്തതുപോലെ മിടുക്കനായ ഒരു ഐ.ജി.യുടെ നേതൃത്വത്തിൽ ഒരു പോലീസ് ടീമിനെ നിയോഗിച്ച് ഇതിന്റെ നിജസ്ഥിതി കണ്ടുപിടിച്ച് കുറ്റക്കാരെ അറസ്റ്റ് ചെയ്ത് മേലിൽ കേരളത്തിൽ ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ .നായനാർ): സ്പീക്കർ സർ, നെയ്യാറ്റിൻകര എസ്.എൻ.ഡി.പി. താലൂക്ക് യൂണിയൻ മന്ദിരം
10 A.M] ഹാളിന്മുൻവശത്തുള്ള ശ്രീനാരായണ ഗുരുവിന്റെ പ്രതിമ സ്ഥാപിച്ചിരുന്ന ക്യാബിന്റെ മുൻവശത്തെ ഗ്ലാസ്സ് 17-2-2000-ന് രാത്രിയിൽ ആരോ പൊട്ടിച്ച് നാശനഷ്ടമുണ്ടാക്കിയതായി അറിയുന്നു. ഗുരുദേവ പ്രതിമയ്ക്ക് കേടുപാടൊന്നും സംഭവിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. ഇത് സംബന്ധിച്ച് ക്രൈം 67/2000 നമ്പരായി നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഫോറൻസിക് വിദഗ്ധരെ വരുത്തുകയും പോലീസ് നായയുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നെയ്യാറ്റിൻകര ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ നെയ്യാറ്റിൻകര, ആര്യനാട് സർക്കിൾ ഇൻസ്പെക്ടർമാരുൾപ്പെട്ട പ്രത്യേക ടീം പ്രതികളെ കണ്ടെത്തുന്നതിനുള്ള അന്വേഷണം നടത്തിയിട്ടുണ്ട്. പ്രതികളെ കണ്ടുപിടിച്ച് അറസ്റ്റ് ചെയ്യാനും കേസ്സന്വേഷണം ത്വരിതപ്പെടുത്തുവാനും ഡി.ജി.പി.ക്ക് പ്രത്യേകം നിർദ്ദേശം നൽകിയിരിക്കുകയാണ്.

(2) ചാവക്കാട് പ്രദേശത്തെ ആർ.എസ്.എസ്. ആക്രമണം

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചാവക്കാട് പ്രദേശത്ത് ഈ മാസം 19-ാം തീയതി യാതൊരു പ്രകോപനവുമില്ലാതെ ആർ.എസ്.എസ്.കാർ നടത്തിയ അതിപൈശാചികമായ ആക്രമണത്തെ ഈ സഭയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ചാവക്കാട്, മുല്ലപ്പറ, വടയപ്പറമ്പ് ഭാഗത്ത് റോഡ് സൈഡിലുണ്ടായിരുന്ന സി.പി.എം.ന്റെ സ്മാരകസ്തംഭം ആർ.എസ്.എസ്കാർ തകർക്കുകയുണ്ടായി. ഇതിൽ പ്രതിഷേധിച്ച് സി.പി.എം പ്രവർത്തകർ നടത്തിയ പ്രതിഷേധ പ്രകടനത്തിൽ ആർ.എസ്.എസ്.കാരനായ ഒരു ഓട്ടോറിക്ഷാ ഡ്രൈവർ മനപ്പൂർവ്വം ഓട്ടോറിക്ഷ ജാഥയിലേയ്ക്ക് കയറ്റി. പോലീസ് ഉചിതമായി ഇടപ്പെട്ടതുമൂലം അനിഷ്ട സംഭങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞു. ജാഥ പിരിഞ്ഞുപോയി ഏതാനും നിമിഷങ്ങൾക്കകം നൂറോളം വരുന്ന ആർ.എസ്.എസ്. പ്രവർത്തകൻമാർ മാരകായുധങ്ങളുമായി (വാളും, ദണ്ഡു-മായി) വന്ന് ആക്രമിക്കപ്പെടുകയും സി.പി.എം പ്രവർത്തകനായ ജയരാജന്റെ വീട് തകർത്തിനുശേഷം ചന്ദ്രന്റെ പെട്ടിക്കട തകർക്കുകയും അതുവഴി വന്ന ബസ്സിന്റെ ചില്ലുകൾ തകർക്കുകയും ചെയ്തു. ആർ. എസ്. എസ് പ്രവർത്തകർ കൗൺസിലറായ സുരേഷിന്റെ അച്ഛൻ വിശ്വനാഥനെ ആക്രമിക്കുകയും അടിച്ചവശനാക്കുകയും ചെയ്തു. അവിടെനിന്നും നീങ്ങിയ ഈ ഫാസിസ്റ്റ് സംഘം മുല്ലത്തറ സി.ഐ.റ്റി.യു. ആഫീസ് ആക്രമിച്ചു. ജോലി കഴിഞ്ഞെത്തിയ തൊഴിലാളികളെ തലങ്ങും വിലങ്ങും വെട്ടി. ലോറി തൊഴിലാളികളേയും വിട്ടില്ല. ബാലൻ, ഭാസ്ക്കരൻ എന്നിവർക്ക് സാരമായ പരിക്കേറ്റു. സി.പി.എം, എൽ.സി. മെമ്പറായ സുരേഷിന്റെ കട അവർ അടിച്ചുതകർത്തു. ജീവനക്കാരെ അടിച്ചോടിച്ചു. ഉപകരണങ്ങൾ പുറത്തേയ്ക്ക് വലിച്ചെറിഞ്ഞു. അടുത്ത ഹോട്ടലിലെ ലൈറ്റെല്ലാം തകർത്തു. ഇതിനിടയിൽ ഗുരുവായൂർ ക്ഷേത്രത്തിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly